പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1165** **03/12/2015 ൽ മറുപടിയ്ക്ക്**

## പാഠപുസ്തക വിതരണത്തിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഈ അദ്ധ്യയനവർഷത്തെ ക്രിസ്മസ് പരീക്ഷ എന്ന് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. | (എ) ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ പരീക്ഷ 10.12.2015 മുതൽ 18.12.2015 വരെ നടത്താനും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകൾ 10.12.2015 മുതൽ 17.12.2015 വരെ നടത്താനുമാണ് നിശ്ചയിച്ചിട്ടുള്ളത്. |
| ബി) പരീക്ഷയ്ക്കുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണ് നടത്തിയിട്ടുള്ളത്; | (ബി) ചോദ്യങ്ങൾ തയ്യാറാക്കി അച്ചടിച്ച് സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. പരീക്ഷ നടത്തിപ്പ് സംബന്ധിച്ച സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിജ്ഞാപനവും ടൈംടേബിളും 25.11.2015 തീയ്യതിയിൽ തന്നെ DHSE പോർട്ടലിൽ എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടേയും അറിവിലേക്കായിപ്രസിദ്ധികരിച്ചിട്ടുണ്ട്. |
| സി) പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാഠപുസ്തക വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ; | (സി) ഒന്നാം വാല്യം പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്.സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30.10.2015 നകം പൂർത്തിയായതായി കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. അധികമായി പാഠപുസ്തകങ്ങൾ ആവശ്യമുള്ള പക്ഷം |

അതിനുവേണ്ടിയുള്ള ഇൻഡന്റ് 07.12.2015 നകം നൽകാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്.

| | |
|---|---|
| ഡി) അർദ്ധവാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ അച്ചടിയിൽ പ്രതിസന്ധിയുണ്ടോ; പ്രസ്സുകാർക്ക് കുടിശ്ശിക നൽകാനുണ്ടോ; കഴിഞ്ഞ ഓണപ്പരീക്ഷയ്ക്ക് മിക്ക സ്കൂളുകളിലും ചോദ്യപേപ്പർ തികയാതെ വന്ന കാര്യം അറിവുള്ളതാണോ? | ഡി) അർദ്ധവാർഷിക പരീക്ഷകൾക്കുള്ള ചോദ്യപേപ്പർ അച്ചടിച്ച വകയിൽ ഗവ.പ്രസ്സിനും സ്വകാര്യ പ്രസ്സുകൾക്കും കുടിശ്ശിക നൽകുവാനുണ്ട്. കഴിഞ്ഞ ഒന്നാം പാദ വാർഷിക പരീക്ഷക്ക് മതിയായ എണ്ണം ചോദ്യപേപ്പർ അച്ചടിച്ച് സ്കൂളുകൾക്ക് നൽകുന്നതിന് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെചുമതലപ്പെടുത്തുയും ആവശ്യാനുസരണം ചോദ്യപേപ്പർ അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ചോദ്യപേപ്പർ തികയാതെ വന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| ഇ) പാഠപുസ്തക വിതരണത്തിലും പരീക്ഷ നടത്തിപ്പിലും തുടർച്ചയായുണ്ടാകുന്ന അലംഭാവം പൊതുവിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ? | (ഇ) അലംഭാവം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ